*Celebrating Extraordinary Missionary Month October 2019…*

**Sunday, 6 October 2019**

Matthew 20:1-16

Fr. Benny Tharakunnel CMI

ദൈവരാജ്യത്തിലെ ന്യായങ്ങളും  നിയമങ്ങളും ചട്ടങ്ങളും മനുഷ്യന്റെ
 ന്യായങ്ങൾക്കും വ്യവസ്ഥാപിത  ചിന്താരീതികൾക്കും അതീതമാണെന്ന് അർഥശങ്കക്കിടമില്ലാതെ വ്യക്തമാക്കുന്ന ഒരുപമയാണ് മുന്തിരിത്തോട്ടത്തിലെ ജോലിക്കാരുടെ ഉപമ.
ആദ്യം വന്നവർക്കും അവസാനം വന്നവർക്കും ഒരേ പരിഗണന നൽകുകയും    അവസാനം വന്ന ഒരു മണിക്കൂർ മാത്രം  ജോലി ചെയ്തവർക്കും
പകലന്തിയോളം
 പകലിന്റെ അധ്വാനവും ചൂടും സഹിച്ചവർക്കും ഒരേ വേതനം നൽകുന്ന തോട്ടക്കാരന്റെ നടപടി മനുഷ്യന്റെ സാധാരണ ബുദ്ധിയിൽ മഹാ അന്യായമോ തികഞ്ഞ തെമ്മാടിത്തരമോ ആയി വ്യാഖ്യാനിക്ക പെടാവുന്ന ഒരു പ്രവൃത്തിയാണ്.
അവസാനം വന്നവർക്കു ആദ്യം പ്രതിഫലം കൊടുക്കുകയും കൂടുതൽ പ്രതിഫലം
തങ്ങൾക്ക് ലഭിക്കുമെന്ന് പ്രതീക്ഷിച്ച ആദ്യ മണിക്കൂറിൽ വന്നവർക്കും ഒരേ പ്രതിഫലം നൽകി അവരെ നിരാശരും ക്ഷുഭിതരും ആക്കുന്ന തോട്ടക്കാരൻ തന്റെ നടപടിയിൽ അതൃപ്തരായ ജോലിക്കാരോട് ലവലേശം മയമോ അയവോ ഇല്ലാത്ത കടുകട്ടി ഭാഷയിലാണ് പ്രതികരിക്കുന്നത്.
കൂടുതൽ വേതനം തങ്ങൾക്കവകാശപ്പെട്ടതാണെന്ന ആദ്യം വന്ന ജോലിക്കാരുടെ വാദഗതിക്ക് അല്പം പോലും വഴങ്ങാൻ തയ്യാറാകാത്ത തോട്ടക്കാരന്റെ മറുപടിയും വളരെ കർക്കശമായ ഭാഷയിൽ തന്നെ ആയിരുന്നു.
" സ്നേഹിതാ, ഞാന് നിന്നോട് ഒരനീതിയുംചെയ്യുന്നില്ല. ഒരു ദനാറയ്ക്കല്ലേ നീ എന്നോടു സമ്മതിച്ചിരുന്നത്?
നിനക്ക് അവകാശപ്പെട്ടതു വാങ്ങിക്കൊണ്ടു പൊയ്ക്കൊള്ളുക.
അവസാനം വന്ന ഇവനും നിനക്കു നല്കിയതുപോലെതന്നെ കൊടുക്കാനാണ് എനിക്കിഷ്ടം.
എന്റെ വസ്തുവകകള്കൊണ്ട് എനിക്കിഷ്ടമുള്ളതു ചെയ്യാന് പാടില്ലെന്നോ? ഞാന് നല്ലവനായതുകൊണ്ട് നീ എന്തിന് അസൂയപ്പെടുന്നു?" എന്ന പ്രസ്താവനയിലൂടെ തോട്ടക്കാരൻ  തന്റെ ന്യായവും  മനസ്സിലിരിപ്പും  വ്യക്തമാക്കുന്നു.
എല്ലാറ്റിനും അവസാനം കരത്തടിച്ചതു പോലെ "ഇപ്രകാരം, പിമ്പന്മാര് മുമ്പന്മാരും മുമ്പന്മാര് പിമ്പന്മാരുമാകും."എന്ന ഒരു പ്രസ്താവനയും"
കേൾവിക്കാരെ അസ്വസ്ഥരാക്കുന്ന ഈ ഉപമയിലൂടെ അനേകം കാര്യങ്ങൾ നമ്മെ പഠിപ്പിക്കുവാൻ

ഈശോ ആഗ്രഹിക്കുന്നു.  ഒന്നാമതായി നാമും നമുക്കൾക്കുള്ളതെല്ലാം ദൈവത്തിന്റെ സൗജന്യ ദാനമാണെന്നും സ്വന്തമെന്നവകാശപ്പെടാൻ നമുക്കൊന്നുമില്ല എന്നുമുള്ള വലിയ പാഠം. വിശുദ്ധ പൗലോസ് സ്ലീഹായെപോലെ ഞാൻ എന്തായിരുന്നുവോ അത് ദൈവകൃപയാലെന്ന് ഏറ്റു പറയുവാനുള്ള ഒരു ക്ഷണം. ദൈവം തരാത്തതായി എനിക്കൊന്നുമില്ലെന്നും ഇപ്പോൾ എനിക്കുള്ളതെല്ലാം ഞൊടിയിടയിൽ എനിക്ക് നഷ്ടപ്പെടാവുന്നതേ ഉള്ളുവെന്നും കഴിഞ്ഞ വർഷത്തെ പ്രളയം പഠിപ്പിച്ച പാഠത്തെ ഈ ഉപമയോട് ചേർത്ത് വായിക്കുന്നത് ഉചിതമായിരിക്കും.
ഞാൻ ഒരു സെൽഫ് made man അല്ലെങ്കിൽ self made woman ആണെന്ന് പറയുന്നവർ ഓർക്കുക.  ദൈവം നിനക്കു തന്ന ശ്വാസം നിലച്ചാൽ അവസാനിക്കുനതെ ഒള്ളു നീ പടുത്തുയർത്തിയതെല്ലാം.
രണ്ടാമതായി അത്യാഗ്രഹവും അസൂയയും ഉപേക്ഷിക്കുവാൻ ദൈവത്തിന്റെ ഹിതത്തിന് അനുസൃതമായ ജീവിതം നയിക്കാൻ ഈ ഉപമ നമ്മെ ആഹ്വാനം ചെയ്യുന്നു.
മൂന്നാമതായി അഹങ്കാരവും താൻ പോരിമയും ഉപേക്ഷിക്കുവാനുള്ള  ആഹ്വാനവും ഈ ഉപമ നമുക്കു നൽകുന്നു. ആദ്യം വന്നു എന്ന കാരണം കൊണ്ട് അവസാനം വന്നവരെ താഴ്ന്നവരായി കാണുവാനുള്ള യാതൊരു അവകാശവും എനിക്കില്ലെന്നും ദൈവം തരുന്ന ശ്രേഷ്ഠത മാത്രമേ എനിക്കുള്ളൂ എന്നും ഈ ഉപമ നമ്മെ പഠിപ്പിക്കുന്നു.
എനിക്കുള്ളതെല്ലാം ദൈവദാനമാണെന്നും അത് ദൈവഹിതത്തിനും സഹോദരനന്മക്കും വേണ്ടി വിനിയോഗിക്കുന്നതിനും ഉള്ള കൃപക്ക് വേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

*Published by*
CMI General Department of Evangelization and Pastoral Ministry